

തുഫെയ്ൽ അഹമ്മദ്

ലോകാവസാനയുദ്ധത്തിന് കോപ്പുകൂട്ടുന്നവർ



1971ലെ യുദ്ധത്തിൽ ഇന്ത്യക്കു കീഴടങ്ങിയ പാകിസ്താൻ ബ്രിഗേഡിയർ നസീം (വലത്ത്)

ISIS നേക്കാൾ ഭാരതം ഭയക്കേണ്ടത് ISIയെയാണെന്ന് തെളിവുകളുടെ അടിസ്ഥാനത്തിൽ സമർത്ഥിക്കുക യാണ് ലേഖകൻ.

ഭീകരവാദത്തെ നേരിടുന്നതിന് പേരുകേട്ട ഇന്ത്യയിലെ പ്രഗ ത്ഭനായ പോലീസ് ഓഫീസർ കെ.പി.എസ്.ഗിൽ ജൂലൈ 27–ന് ഗൂർദ്ദാസ്പൂർ ജില്ലയിൽ നടന്ന ഭീകരാക്രമണത്തിന് ശേഷം പ്രസ്താവിച്ചതിങ്ങനെയാണ്. ''നമുക്ക് തൽക്കാലം പാകിസ്താന്റെ കാര്യം മാറ്റിനിർത്തി ISIS കാര്യത്തിലാണ് യഥാർത്ഥത്തിൽ കൂടുതൽ ശ്രദ്ധ കേന്ദ്രീകരിക്കേണ്ടത്. പാകിസ്താനിലെ ഭരണകൂടം ISISന് പാദസേവ ചെയ്യുകയാണ്. പഞ്ചാബിലെ ഭീകരാക്രമണങ്ങൾ നടത്തിയത് ISIS ആണെന്നതിന് സംശയമില്ല.''ഗുർദാസ്പൂരിൽ തീവ്രവാദികൾ ഇന്ത്യൻ പട്ടാളവുമായി ഏറ്റുമുട്ടികൊണ്ടിരിക്കുന്ന അതേ സമയത്തു തന്നെ അമേരിക്കൻ പത്രപ്രവർത്തകയായ സാറ എ കാർട്ടറിന് 32 പേജുള്ള ഒരു ഉർദുരേഖ ലഭിക്കുകയുണ്ടായി. IS ൽ നിന്നാവണം അത് ലഭിച്ചത്.



സെയ്മർ എം. ഹെർഷ്

1964ൽ നിയാസി എഴുതിയ വാക്കുകളെ ഫെയർ ഉദ്ധരിക്കുന്നു. " ചെറിയ ഗ്രൂപ്പുകളായി അതിർത്തി കടക്കുകയും ആരാലും ശ്രദ്ധിക്കപ്പെടാതെ സൈന്യത്തിന്റെ ഉള്ളറകളിലേക്ക് ഊളിയിട്ടിറങ്ങുകയും പിന്നീട് മുൻ നിശ്ചയപ്രകാരമുള്ള ലക്ഷ്യം സഫലീകരിക്കാൻ ഒരു സ്ഥലത്ത് ഒന്നിച്ചു ചേരുകയും ചെയ്യുക എന്നതാണ് നുഴഞ്ഞുകയറ്റം കൊണ്ടുദ്ദേശിക്കുന്നത്."

ലോകാവസാനയുദ്ധത്തിന് (battle of Armageddon പോലെ) ഇന്ത്യയിൽ തിരികൊളുത്താൻ പാകിസ്താനിലും അഫ്ഗാനിസ്ഥാനിലും പുതിയ ഭീകരസൈന്യങ്ങളെ കെട്ടിപ്പടുക്കുക എന്നത് ISISന്റെ മുഖ്യലക്ഷ്യമാണ്. സാറ കാർട്ടർ എഴുതുന്നു.

1980കളിൽ ഭീകരവാദത്തെ നേരിടാൻ KPS ഗിൽ നടത്തിയ സ്തുത്യർഹമായ സേവനങ്ങളെ അനുസ്മരിക്കുമ്പോൾതന്നെ അദ്ദേഹത്തിന്റെ മേൽപ്പറഞ്ഞ പ്രസ്താവനയെ നിരാകരിക്കുകയല്ലാതെ തരമില്ല. ഗില്ലിന്റെയും കാർട്ടറുടേയും രണ്ടുപേരുടേയും കണ്ടെത്തലുകൾ ശരിയല്ല. പക്ഷേ ഇന്ത്യ ഇന്ന് അഭിമുഖീകരിക്കുന്നത് കൂടുതൽ ഇരുണ്ട ഭീഷണിയാണ് എന്നത് സത്യമാണ്. ഇന്ത്യക്കെതിരായി ഉയർന്നു വരുന്ന ഭീഷണിയെക്കുറിച്ച് 2009 ഡിസംബർ ഒന്നാം തിയ്യതിയിലെ സായാഹ്നത്തിലേക്ക് തിരിച്ചുപോവുക. പ്രസിഡണ്ടായ ആദ്യ വർഷം തന്നെ വെസ്റ്റ് പോയിന്റിലെ യു.എസ് മിലിട്ടറി അക്കാഡമിയിൽ സംസാരിക്കവേ ബരാക്ക് ഒബാമ അഫ്ഗാനിസ്ഥാനിലെ തന്റെ സൈനികതന്ത്രങ്ങൾ വെളിപ്പെടുത്തുകയുണ്ടായി. 30000 ഭടൻമാരെ അധികമായി വിന്യസിക്കുന്ന കാര്യം ഒബാമ പ്രഖ്യാപിച്ചു. പക്ഷേ തന്റെ പ്രസംഗത്തിന്റെ ആദ്യാവസാനം ''യുദ്ധത്തിന്റെ പരിസമാപ്തി'' ''യുദ്ധത്തിന്റെ യുഗത്തിന് അന്ത്യം'' ''യുദ്ധം അവസാനിപ്പിക്കുവാൻ'' ''സൈന്യത്തെ എത്രയും പെട്ടന്ന് പിൻവലിക്കുവാൻ'' ''അഫ്ഗാനിസ്ഥാനിൽ നിന്ന് 2011 ൽ സൈന്യത്തെ പിൻവലിക്കാൻ തുടങ്ങണം.'' എന്നിങ്ങനെയുള്ള പ്രസ്താവനകൾകൊണ്ടും നിറഞ്ഞതായിരുന്നു. ശത്രുപാളയത്തിൽ താലിബാനും അവരെ ഊട്ടിവളർത്തുന്ന പാകിസ്താനും ആ പ്രസംഗം സശ്രദ്ധം നിരീക്ഷിക്കുന്നുണ്ടായിരുന്നു. അവർ അന്നേ മെനയാൻ തുടങ്ങിയ 2014 ന് ശേഷമുള്ള തന്ത്രങ്ങൾ ഇന്ന് നടപ്പിലാക്കാൻ തുടങ്ങിക്കഴിഞ്ഞു.

മേൽ സൂചിപ്പിച്ച രേഖ ഇസ്ലാമിക് സ്റ്റേറ്റിന്റെ (IS) താണെന്ന് യു.എസ്.എ ടുഡെ എന്ന പ്രസിദ്ധീകരണത്തിൽ കാർട്ടർ എഴുതി. പക്ഷേ ഈ അവകാശവാദം വെറും ഒളിച്ചുകളിയായിരുന്നു. ആശയപരമായും പ്രായോഗികപരമായും ഒരു ജിഹാദിസ്റ്റ് സംഘടനതന്നെയായ പാകിസ്താൻ മിലിട്ടറി ഇന്റർ സർവ്വീസ് ഇന്റലിജൻസ്(ISI) ആണ് ആ രേഖ തയ്യാറാക്കിയത് എന്ന് വിശ്വസിക്കാൻ മതിയായ കാരണങ്ങളുണ്ട്.

ഒന്ന് -പത്രപ്രവർത്തകർക്ക് തങ്ങളുടെ പ്രസിദ്ധീകരണങ്ങൾ എത്തിച്ചുകൊടുക്കുന്നശീലം ISISന് ഇല്ല.

രണ്ട്- തങ്ങളുടെ ഓഡിയോ വീഡിയോ ടെക്സ്റ്റ് ഡോക്യുമെന്റുകൾ ഇന്റർനെറ്റ് ജിഹാദിസ്റ്റ് ഫോറങ്ങളിൽ സോഷ്യൽ മീഡിയ വഴി പ്രചരിപ്പിക്കുക എന്നതാണ് ജിഹാദിസ്റ്റ് ഗ്രൂപ്പുകൾ ചെയ്യുന്നത്. പ്രസ്തുത രേഖ ഇത്തരത്തിൽ ലഭിച്ചതല്ല.

മൂന്ന്- പാകിസ്താന്റെ ഉള്ളിൽ തന്നെയുള്ള ഒരാളാണ് ഈ രേഖ കൈമാറിയതെന്ന് കാർട്ടർ സമ്മതിക്കുന്നു. അതിനർഥം പാശ്ചാത്യ മാധ്യമങ്ങളിൽ പ്രസിദ്ധീകരിക്കപ്പെടണമെന്ന വിശാലമായ ലക്ഷ്യമുള്ള ആരോ അതിന് പുറകിലുണ്ടായിരുന്നു എന്നാണ്.

നാല്- പാകിസ്താനി താലിബാനുമായി ബന്ധമുള്ള പാക്ക് പൗരനിൽ നിന്നാണ് ഈ രേഖകിട്ടിയത്. എന്ന് കാർട്ടർ പറയുന്നു. അതിനർഥം അതിന്റെ പ്രഭവസ്ഥാനം ISIആണ് മറിച്ച് ISIS അല്ല എന്നാണ്. ISIക്ക് ആണ് താലിബാൻ ഘടകങ്ങളിൽ ആഴത്തിലുള്ള വേരുകളുള്ളത്.

അഞ്ച്- വാഷിംഗ്ടൺ ആസ്ഥാനമായ മിഡിൽ ഈസ്റ്റ് മീഡിയ റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ടിൽ (MEMRI) ISISമായി ബന്ധപ്പെട്ട മാധ്യമ സ്രോതസ്സുകൾ ദിവസേനയെന്നോണം നിരീക്ഷിക്കുന്ന ആളാണ് സീനിയർ ജിഹാദിസ്റ്റ് മീഡിയ അനലിസ്റ്റ് മർവൻ ഖയാമാണ്. അദ്ദേഹം പറയുന്നത് ഇങ്ങിനെയാണ്. ''ഇന്ത്യയെക്കുറിച്ചോ ഇന്ത്യക്കെതിരായ പദ്ധതികളെക്കുറിച്ചോ ISIS തങ്ങളുടെ ഔദ്യോഗിക പ്രസിദ്ധീകരണങ്ങളിൽ വളരെ അപൂർവ്വമായേ പരാമർശിക്കാറുള്ളൂ എന്നതുകൊണ്ട് പെട്ടന്ന് ഇന്ത്യക്കെതിരായി സർവ്വവിനാശകാരിയായ യുദ്ധം അഴിച്ചുവിടാൻ ISIS തയ്യാറാകുമെന്ന് തോന്നുന്നില്ല''.

ജിഹാദിസ്റ്റുകളെ ഉപയോഗിക്കുന്ന പാകിസ്താൻ നയം 1947 മുതൽ തുടർന്നുവരുന്നതാണ്. ''അന്ത്യംവരെയുള്ള പോരാട്ടം പ



കെ.പി.എസ്. ഗിൽ

ാക്ക് സൈന്യത്തിന്റെ യുദ്ധഭീതി'' എന്ന പുസ്തകത്തിൽ അമേരിക്കൻ പണ്ഡിതനായ സി.ക്രിസ്റ്റിൻ ഫെയർ എഴുതുന്നു. ''ഇസ്ലാമിക് രാഷ്ട്രീയക്കാരെയും പിന്നീട് ഇസ്ലാമിസ്റ്റ് ഭീകരവാദികളെയും അഫ്ഗാനിസ്ഥാനിൽ നിയോഗിക്കാനുള്ള പാകിസ്താന്റെ ശ്രമങ്ങൾ 1950 കളിൽ തന്നെ തുടങ്ങിയതാണ്''. 1947-48 കാലഘട്ടത്തിൽ കാശ്മീരിൽ പാകിസ്താൻ ജിഹാദിസ്റ്റുകളെ ഉപയോഗിച്ച കാര്യം ഇന്ത്യക്കാരായ വായനക്കാർക്ക് അറിയാവുന്നതാണ്. നുഴഞ്ഞുകയറ്റം എന്ന തന്ത്രത്തിലാണ് ജിഹാദിസ്റ്റുകളെ കൂടുതൽ ഉപയോഗിക്കാൻ തുടങ്ങിയത് എന്നാണ് ബ്രിഗേഡിയർ എ.എ.കെ. നിയാസിയുടെ വാദം. രണ്ടാം ലോകമഹായുദ്ധത്തിൽ ബർമ്മയിൽ സേവനമനുഷ്ഠിക്കുകയും 1971ൽ ഡാക്കയിൽ കീഴടങ്ങുകയും ചെയ്തയാളാണ് നിയാസി. 1964ൽ നിയാസി എഴുതിയ വാക്കുകളെ ഫെയർ ഉദ്ധരിക്കുന്നു. ''ചെറിയ ഗ്രൂപ്പുകളായി അതിർത്തി കടക്കുകയും ആരാലും ശ്രദ്ധിക്കപ്പെടാതെ സൈന്യത്തിന്റെ ഉള്ളറകളിലേക്ക് ഊളിയിട്ടിറങ്ങുകയും പിന്നീട് മുൻനിശ്ചയപ്രകാരമുള്ള ലക്ഷ്യം സഫലീകരിക്കാൻ ഒരു സ്ഥലത്ത് ഒന്നിച്ചു ചേരുകയും ചെയ്യുക എന്നതാണ് നുഴഞ്ഞുകയറ്റം കൊണ്ടുദ്ദേശിക്കുന്നത്.'' 'മറ്റേതൊരു ആക്രമണരീതിയേക്കാളും ഏറ്റവും കുറഞ്ഞ ആൾ നാശത്തോടെ ഏറ്റവും മികച്ച നേട്ടങ്ങൾ ഉണ്ടാക്കാൻ കഴിയും.'' നിയാസിയുടെ ഈ വാക്കുകൾക്ക് ശേഷം കഴിഞ്ഞ അരനൂറ്റാണ്ട് കാലമായി എല്ലാ ആഴ്ചയിലും ഇന്ത്യ ജമ്മു കാശ്മീരിൽ പാകിസ്താനി ജിഹാദിസ്റ്റുകളുടെ നുഴഞ്ഞുകയറ്റത്തെ നേരിട്ടുകൊണ്ടിരിക്കുകയാണ്. ISIആണ് അത് നടപ്പാക്കുന്നത്. ജിഹാദിന്റെ ആശയപരമായ ആവേശം ഉൾകൊണ്ട് തെഹറിക്- ഇ-താലിബാൻ പാകിസ്താൻ (TTP) പോലുള്ള ചില സംഘടനകൾ അടുത്തകാലത്തായി സ്വതന്ത്രമായി പ്രവർത്തിക്കുന്നുണ്ടെങ്കിലും മിക്കവാറും എല്ലാ ജിഹാദിസ്റ്റ് സംഘടനകളും ISIയുടെ ശാഖകളാണ്. ഹഖാനി ശൃംഖല ഉൾപ്പെടുന്ന അഫ്ഗാൻ താലിബാൻ അസ്മത്തുള്ള മൗവിയ നയിക്കുന്ന തെഹറിക് - ഇ - താലിബാൻ പഞ്ചാബ്, ഹൈജാക്ക് ചെയ്യപ്പെട്ട IC-814 ഇന്ത്യൻ എയർ ലൈൻസ് വിമാനത്തിലെ യാത്രക്കാർക്ക് പകരം ഇന്ത്യമോചിപ്പിച്ച മൗലാനാ മസൂദ് അഷർ നയിക്കുന്ന ജയിഷ്- ഇ-മുഹമ്മദ്, ഹാഫിസ് മുഹമ്മദിന്റെ കീഴിൽ ജമാത്തുൽ ദുവ, ഫലാഹ്- ഇ-ഇർസാനിയാത്ത് ഫൗണ്ടേഷൻ എന്നീ പേരുകളിൽ പ്രവർത്തിക്കുന്ന ലഷ്ക്കർ - ഇ-തൊയിബ സയ്യിദ് സലാഹുദ്ദീൻ നയിക്കുന്ന ഹിസ്ബുൾ മുജാഹിദ്ദീനും അതുപോലെ അനേകം ജിഹാദിസ്റ്റ് ഗ്രൂപ്പുകളും, ഷിയാ വിരുദ്ധ കൊലകളിൽ ശ്രദ്ധകേന്ദ്രീകരിക്കുന്ന ലഷ്കർ- ഇ- ജാംഗ്വി പ്രത്യേകിച്ചും ബലൂചിസ്ഥാൻ - (അബൂബക്കർ അൽ ബാഗ്ദാദിയുടെ കീഴിൽ പ്രവർത്തിക്കാൻ സിറിയയിലേക്ക് പോയ ആദ്യ കുടിയേറ്റക്കാർ ഇവരായിരുന്നു)

2014 ന് ശേഷമുള്ള ISIതന്ത്രങ്ങൾ മെല്ലെ മറനീക്കി പുറത്തുവരികയാണ്. ഒന്നാമതായി അഫ്ഗാനിസ്ഥാൻ ചാരസംഘടനയായ നാഷണൽ ഡയറക്ടർ ഓഫ് സെക്യൂരിറ്റി (NDS) യുമായി മെയ് -19 ന് ISI ഒരു ഉടമ്പടിയിൽ ഒപ്പുവെച്ചു. അഫ്ഗാനിസ്ഥാനിൽ പാക് നയങ്ങളിൽ മാറ്റം വരുത്തുക. എന്നതിനു പുറമേ ഉടമ്പടിയിൽ പറഞ്ഞിരിക്കുന്ന പ്രധാനപ്പെട്ടലക്ഷ്യം ''സംയുക്ത പരിശീലനവും വൈദഗ്ധ്യവും അനുഭവങ്ങളും പരസ്പരം പങ്കുവെയ്ക്കുക'' എന്നതാണ് ഇതിനർത്ഥം, ISIയ്ക്ക് അവരുടെ ഏജൻറുമാരെ NDS ൽ തിരുകികയറ്റാം എന്നുതന്നെ.

രണ്ടാമതായി, മുല്ലാ ഒമറിന്റെ മരണം പ്രഖ്യാപിച്ച സമയത്തെക്കുറിച്ചുതന്നെ. മേഖലയിൽ രൂപപ്പെട്ടുവരുന്ന പുതിയ സംഭവവികാസങ്ങൾക്കിടയിൽ അയാളെ എന്തുചെയ്യണമെന്ന് ISIയ്ക്കും ഒരു രൂപവുമുണ്ടായിരുന്നില്ല. അഫ്ഗാൻ പ്രസിഡണ്ട് അഷ്റഫ് ഘാനി വെബ്സൈറ്റിൽ കുറിച്ചിട്ടത്, മുല്ലാ ഒമർ '' 2013 ഏപ്രിലിൽ പാകിസ്താനിൽ മരണപ്പെട്ടു എന്നതാണ്.''

മൂന്നാമതായി, വനത്തിൽ വെടിയേറ്റുമരിച്ച ഒരു ഡസനോളം കാശ്മീരി യുവാക്കളുടെ വീഡിയോ പ്രത്യക്ഷപ്പെട്ടു. ISIS ൽ അല്ല മറിച്ച് കാശ്മീരിലെ 'പാകിസ്താൻ സ്പോൺസേർഡ് മിലിട്ടറിയിൽ ചേരുന്ന കാശ്മീരികളുടെ എണ്ണം കൂടുന്നു.

ജൂലൈ 27 ലെ ഗൂർദാസ്പൂർ ആക്രമണങ്ങൾ കാശ്മീരിന് പുറത്ത് ഇന്ത്യയുടെ മറുഭാഗങ്ങളിലേക്ക് ജിഹാദിസ്റ്റ് പോരാട്ടം വ്യാപിക്കാനുള്ള ശ്രമമായിരുന്നു ഇപ്പോൾ ഒതുങ്ങിക്കഴിഞ്ഞിരിക്കുന്ന ഇന്ത്യൻ മുജാഹിദീനിലൂടെ അടുത്ത കാലത്ത് ISIയുടെ ശ്രമം.



അൽ–സവാഹിരി

സമീപകാലത്തെ ഏറ്റവും വലിയ ജിഹാദിസ്റ്റ് യുദ്ധമായ കാർഗിൽ യുദ്ധത്തിൽ 1999 ജൂലൈ 26 ന് ഇന്ത്യൻ വിജയത്തിന്റെ വാർഷിക ദിനത്തിൽ – കാർഗിൽ വിജയ് ദിവസ്– സംസാരിക്കവേ നോർത്തേൺ കമാൻഡന്റ് ചീഫ് ലെഫ്. ജനറൽ ഡി.എസ്.ഹൂഡ പറഞ്ഞത്, കൂടുതൽ കാശ്മീരികൾ ഇന്ത്യക്കെതിരായ കലാപങ്ങളിൽ പങ്കു ചേരുന്നു എന്നാണ്.

നാലാമതായി, ജൂലൈ 27 ലെ ഗൂർദാസ്പൂർ ആക്രമണങ്ങൾ കാശ്മീരിന് പുറത്ത് ഇന്ത്യയുടെ മറുഭാഗങ്ങളിലേക്ക് ജിഹാദിസ്റ്റ് പോരാട്ടം വ്യാപിക്കാനുള്ള ശ്രമമായിരുന്നു ഇപ്പോൾ ഒതുങ്ങിക്കഴിഞ്ഞിരിക്കുന്ന ഇന്ത്യൻ മുജാഹിദീനിലൂടെ അടുത്ത കാലത്ത് ISIയുടെ ശ്രമം.

അഞ്ചാമതായി, യഥാർത്ഥത്തിൽ ISIS ൽ നിന്നല്ല കാർട്ടറിന് നേരത്തെ ചർച്ചചെയ്ത രേഖ ലഭിച്ചത്. അതൊരു ISI രേഖയാണ്. പ്രത്യേകിച്ചും, കാർട്ടർ പറയുന്നതുപോലെ ''ഡസൻകണക്കിന് പാകിസ്താനി അഫ്ഗാൻ താലിബാൻ ഗ്രൂപ്പുകളെ സംയോജിപ്പിച്ചുകൊണ്ട് ഒരൊറ്റ ഭീകരസൈന്യത്തിന് രൂപം കൊടുക്കുക'' എന്നതാണ് രേഖയുടെ ലക്ഷ്യം. പക്ഷേ ഇന്ന് അഫ്ഗാൻ താലിബാനും ISISകാരും പരസ്പരം യോജിക്കുകയില്ല. മറിച്ച് യുദ്ധം ചെയ്യുകയാണ് ചെയ്യുന്നത്. യഥാർത്ഥത്തിൽ അഫ്ഗാൻ പ്രവിശ്യകളിൽ ISISയുടെ മുന്നേറ്റം താലിബാനെ ഏറെ കുഴയ്ക്കുന്നു. ISIS ചീഫ് അബൂബക്കർ ബാഗ്ദാദിക്ക് അവർ ജൂൺ 15 ന് ഒരു തുറന്ന കത്തെഴുതുകപോലുമുണ്ടായി. അഫ്ഗാനിസ്ഥാനിൽ ഇടപെടരുത് എന്നാവശ്യപ്പെട്ടുകൊണ്ടെഴുതിയ കത്തിൽ പറയുന്നു. ഇപ്പോൾ തന്നെ കാഫറുകളുടെ കുതന്ത്രങ്ങളെ നേരിട്ടുകൊണ്ടിരിക്കുകയാണ് നാം. താങ്കളുടെ ആളുകൾ മുജാഹിദ്ദീന്റെ ശക്തിയെ ഇല്ലാതാക്കുന്നതൊന്നും ചെയ്യരുത്. താലിബാൻ ഘടകങ്ങളെ ഒന്നിപ്പിക്കാൻ ശ്രമിക്കുന്നതു ISIആണ്, അല്ലാതെ ISIS അല്ല. ഈ മാതൃകകൾ 2011 ഏപ്രിൽ 16 ന് ഒരു ശ്രമം നടത്തി. 1990 കളിലെ പോലെ അഫ്ഗാൻ ഗവൺമെന്റ് സ്ഥാപനങ്ങളിൽ പാകിസ്താൻ പൗരൻമാർക്ക് നിയമനം നൽകണമെന്ന് അന്ന് കാബൂൾ സന്ദർശിച്ച ''എല്ലാ'' പാകിസ്താൻ നേതാക്കളുടേയും പ്രതിനിധിസംഘം ആവശ്യപ്പെട്ടു. സമീപഭാവിയിൽ ചില ജിഹാദിസ്റ്റ് ഗ്രൂപ്പുകളെ ഇന്ത്യക്കെതിരായും ഉപയോഗിക്കും.

കാർട്ടറിനു മുമ്പ്, ISIയുടെ ഭാഷ്യങ്ങളിൽ വീണുപോയ മറ്റൊരു ജേർണലിസ്റ്റ് ആണ് സെയ്മർ.എം. ഹെർഷ്. ബിൻലാദനെ കണ്ടുപിടിക്കാൻ സഹായിച്ചു എന്നപേരിൽ ISIയ്ക്ക് ക്ലീൻ ചീട്ട് നൽകുന്നതാണ് 'ലണ്ടൻ റിവ്യൂ ഓഫ് ബുക്ക്സ്' മെയ് 21 ന് എഴുതിയ തന്റെ ലേഖനത്തിൽ ഹെർഷ് ചെയ്യുന്നത്. ഒരർത്ഥത്തിൽ അൽ- ഖയ്ദ നേതാവിനെ അബോട്ടാബാദിൽ ഒളിപ്പിച്ചതിന് പാകിസ്താന് പങ്കില്ലെന്ന് വാദിക്കുകയാണ് അയാൾ ചെയ്യുന്നത്. ബർദ്വാനിൽ തയ്യാറായിക്കൊണ്ടിരുന്ന ഒരു പുതിയ പ്ലോട്ട് പ്രകാരം ബംഗ്ലാദേശ് പ്രധാനമന്ത്രി ഷെയ്ക് ഹസീനയെ വധിക്കുന്നത് ഇന്ത്യൻ മണ്ണിൽ നിന്നുള്ള തീവ്രവാദികളാണ് എന്നു വരുത്തിത്തീർക്കാനും അതുവഴി 2008 മുംബൈ ആക്രമണങ്ങളിൽ പാകിസ്താനെ കുറ്റപ്പെടുത്തുന്ന ഇന്ത്യയുടെ വായടക്കുക എന്നതുമായിരുന്നു അവരുടെ ലക്ഷ്യം.

ആറാമതായി, അന്താരാഷ്ട്ര ശ്രദ്ധ തിരിച്ചുവിടാൻ നോർത്ത് വസീറിസ്ഥാനിൽ സർബ്-ഇ-അസ്ബ് (പ്രവാചകന്റെ വാൾപ്രയോഗം) എന്നപേരിൽ പാകിസ്ഥാൻ മിലിട്ടറി ഓപ്പറേഷൻ ആരംഭിച്ചു. അതിന് കണ്ടെത്തിയ സമയം പ്രധാനമാണ്. ഖോസ്റ്റിലെ CIAആസ്ഥാനത്ത് ചാവേർ സ്ഫോടനം നടന്ന 2009 ഡിസംബർ 30 മുതൽ, നോർത്ത് വസീറിസ്ഥാനിലെ ജിഹാദിസ്റ്റ് ശക്തികേന്ദ്രങ്ങളെ തകർക്കാനുള്ള യു.എസ് സമ്മർദ്ദത്തെ പാകിസ്താൻ അതിജീവിക്കുകയാണ്. 2010 മധ്യത്തിൽ യു.എസ് നോർത്ത് വസീറിസ്ഥാനിൽ ഡ്രോൺസ് (ആളില്ലാ വിമാനങ്ങൾ) ആക്രമണം നടത്തിയേക്കുമെന്ന്പോലും കണക്കുകൂട്ടിയിരുന്നു. ഇത് ISIയെ വല്ലാതെ വിറളിപിടിപ്പിച്ചു. 2010 സപ്റ്റംബറിൽ അഫ്ഗാൻ താലിബാൻ കമാൻഡർമാരെ പ്രത്യേകിച്ച് ഹഖാനിസിനെ കുർറാം ഏജൻസിയിലെ പുതിയ രക്ഷാകേന്ദ്രത്തിലേക്ക് മാറ്റിപാർപ്പിക്കുകപോലും ചെയ്തു. ഇതേ തന്ത്രമാണ് 2009 ഒക്ടോബറിൽ ISI സ്വീകരിച്ചത്. ഡ്രോൺ ആക്രമണത്തെ ഭയന്ന് അന്ന് മുല്ലമൊഹമ്മദ് ഒമറിനെ ബലൂചിസ്ഥാനിലെ ക്വറ്റയിൽ നിന്ന് കറാച്ചിയിലേക്ക് മാറ്റി.

2014 ന് ശേഷമുള്ള തന്ത്രങ്ങളിൽ വ്യക്തത കൈവരിച്ചപ്പോൾ കഴിഞ്ഞവർഷം പാകിസ്താൻ സൈന്യം സർബ്-ഇ-അസ്ബ്ന് തുടക്കമിട്ടു. TTP പോലുള്ള തത്വാധിഷ്ഠിത ഗ്രൂപ്പുകളുമായി യുദ്ധം ചെയ്യുകയും അവരിൽ നിന്ന് ISIശൃംഖലയിൽ ചേരാൻ താല്പര്യമുള്ളവരെ സ്വീക

ജൂലൈ 27 ലെ ഗൂർദാസ്പൂർ ആക്രമണങ്ങൾ കാശ്മീരിന് പുറത്ത് ഇന്ത്യയുടെ മറുഭാഗങ്ങളിലേക്ക് ജിഹാദിസ്റ്റ് പോരാട്ടം വ്യാപിക്കാനുള്ള ശ്രമമായിരുന്നു ഇപ്പോൾ ഒതുങ്ങിക്കഴിഞ്ഞിരിക്കുന്ന ഇന്ത്യൻ മുജാഹിദീനിലൂടെ അടുത്ത കാലത്ത് ISIയുടെ ശ്രമം.

യഥാർത്ഥത്തിൽ അഫ്ഗാൻ പ്രവിശ്യകളിൽ ISISയുടെ മുന്നേറ്റം താലിബാനെ ഏറെ കുഴയ്ക്കുന്നു. ISIS ചീഫ് അബൂബക്കർ ബാഗ്ദാദിക്ക് അവർ ജൂൺ 15 ന് ഒരു തുറന്ന കത്തെഴുതുകപോലുമുണ്ടായി. അഫ്ഗാനിസ്ഥാനിൽ ഇടപെടരുത് എന്നാവശ്യപ്പെട്ടുകൊണ്ടെഴുതിയ കത്തിൽ പറയുന്നു. ഇപ്പോൾ തന്നെ കാഫറുകളുടെ കുതന്ത്രങ്ങളെ നേരിട്ടുകൊണ്ടിരിക്കുകയാണ് നാം. താങ്കളുടെ ആളുകൾ മുജാഹിദ്ദീന്റെ ശക്തിയെ ഇല്ലാതാക്കുന്നതൊന്നും ചെയ്യരുത്.

രിക്കുകയും ചെയ്യുക എന്നാണതിന്റെ പുറകിലുണ്ടായിരുന്ന തന്ത്രം. പഞ്ചാബി താലിബാൻ തലവൻ അസ്മത്തുള്ള മൗവിയെ 2014 സപ്തംബറിൽ ISI വശത്താക്കിയപ്പോൾ തന്നെ ഈ തന്ത്രത്തിന്റെ ആദ്യ ലക്ഷണങ്ങൾ കണ്ടു തുടങ്ങി. ISIൽ ചേരാനായി TTP യിൽ നിന്ന് വിട്ട മൗവിയ പറഞ്ഞത്, 'ഇസ്ലാമിന്റെയും രാഷ്ട്രത്തിന്റെയും(പാകിസ്താൻ) വിശാലമായ താത്പര്യങ്ങൾക്ക് വേണ്ടിയാണ് ഞങ്ങൾ ഈ നടപടി എടുത്തത് എന്നാണ്.

''സാഹസങ്ങൾക്ക് കണക്ക് കൂട്ടിമുതിരുകയും പരാജയപ്പെടുകയും ചെയ്യാനാണ് വെറുതെയിരിക്കുന്നതിലും ഭേദമായി പാകിസ്താൻ പട്ടാളമേധാവികൾ ആഗ്രഹിക്കുന്നത്.'' എന്ന് ഒരു മുൻ ക്രിസ്തീയ മേധാവി പറഞ്ഞതായി ക്രിസ്റ്റീൻ ഫെയർ എഴുതുന്നു. ഇത് ഇന്ത്യൻ സംസ്ക്കാരത്തിന് വിരുദ്ധമാണ്. ഈയടുത്തകാലത്തായി പ്രതിഷേധസൂചകമായി കല്ലെറിയുക എന്ന പാലസ്തീനിയൻ മാതൃക കാശ്മീരിൽ നടപ്പിലാക്കാൻ പാകിസ്താൻ ശ്രമിച്ചു. 1980 കളിൽ അഫ്ഗാൻ ജിഹാദിൽ വിജയം കണ്ട് 1990കളിൽ കാശ്മീരിൽ കുഴപ്പങ്ങൾ സൃഷ്ടിക്കാൻ പദ്ധതിയിട്ട തന്ത്രങ്ങളുടെ തുടർച്ചയാണിത്. 9/11 ആക്രമണങ്ങൾ ശേഷം കാശ്മീർ ജിഹാദിന് അടിത്തറയിളകിയപ്പോൾ, ഇന്ത്യയുടെ ഹൃദയഭാഗങ്ങളിലിറങ്ങി യുദ്ധം ചെയ്യാൻ ഇന്ത്യൻ മുജാഹിദ്ദീനെ സൃഷ്ടിച്ചു 2009 ൽ പ്രസിഡണ്ട് ഒബാമ പ്രസംഗിച്ചുകൊണ്ടിരിക്കുമ്പോൾ തങ്ങളുടെ 2014ന് ശേഷമുള്ള തന്ത്രങ്ങൾക്ക് രൂപം കൊടുക്കുകയായിരുന്നു ISI. 2014 ന്റെ അവസാനമാകുമ്പോഴും ISI ഇന്ത്യാവിരുദ്ധജിഹാദിസ്റ്റുകളെ അണിനിരത്തുകയാണ്. ''കാശ്മീർ ജിഹാദ് അറബ് വസന്തം പോലെ പൊട്ടിവിടരു''മെന്ന് ജിഹാദിസ്റ്റ് നേതാവ് ഫസലുർ റഹ്മാൻ ഖലീൽ, 2012 ഒക്ടോബറിൽ മുന്നറിയിപ്പ് നൽകുകയുണ്ടായി. പാകിസ്താൻ സൈന്യത്തിന്റെ ആസ്ഥാനമായ റാവൽപിണ്ടിയിലുള്ള ഒരു മുസ്ലീം പള്ളി കേന്ദ്രീകരിച്ച് പ്രവർത്തിക്കുന്ന അൻസാറുൽ ഉമ്മയുടെ തലവനായ റഹ്മാൻ ഖലീൽ ഹർക്കത്തുൾ ജിഹാദ് അൽ ഇസ്ലാമിയുടെ സ്ഥാപകനുമാണ്. 1999ലെ IC –814 വിമാനറാഞ്ചലിനോടനുബന്ധിച്ച് സ്വതന്ത്രനാക്കപ്പെട്ട മൂന്ന് ഭീകരവാദികളിലൊരാളായ മുഷ്താഖ് സാർഗർ ഒരു ദശാബ്ദകാലത്തെ ഒളിവു ജീവിതത്തിനുശേഷം 2013 മാർച്ചിൽ നടത്തിയ വെല്ലുവിളി ഇങ്ങനെയാണ്. LOC യ്ക്ക് അപ്പുറത്തും ഇപ്പുറത്തും നാം ഇപ്പോഴും ജിഹാദിസ്റ്റ് ട്രെയ്നിംഗ് ക്യാമ്പുകൾ നടത്തുന്നുണ്ട്. കാര്യങ്ങളിൽ യാതൊരു മാറ്റവുമില്ല. യു.എസ്.അഫ്ഗാനിസ്ഥാനിൽ തോൽപ്പിക്കപ്പെട്ടു എന്ന് ഇന്ത്യ ഓർക്കണം. നമുക്ക് എന്ത് ചെയ്യാൻ കഴിയുമെന്ന് ഇന്ത്യയ്ക്ക് കാണാം.''

2014 ജനുവരി 26 ന് മുസഫറാബാദിൽ അഫ്സൽ ഗുരുവിന്റെ ഒരു അനുസ്മരണസമ്മേളനത്തിൽ മസൂദ് അസർ പ്രസംഗിച്ചു. ജയ്ഷ് – ഇ–മുഹമ്മദിനെപ്പോലെ ഇന്ത്യൻ ഉപഭൂഖണ്ഡത്തിലേക്ക് നീങ്ങുന്ന ISI യുടെ കരങ്ങളെന്ന് ഈ ലേഖകൻ തന്നെ നേരത്തെ സമർത്ഥിച്ചിട്ടുള്ള അൽ–ഖയ്ദ ഇൻ ഇന്ത്യൻ സബ്കോണ്ടിനന്റ് (AQIS)ന്റെ രൂപീകരണം അയാമാൻ– അൽ–സവാഹിരി, 2014 സപ്തംബറിൽ പ്രഖ്യാപിക്കുകയുണ്ടായി. മാത്രമല്ല, സിറിയയിൽ നിന്നും, ഇന്തോനേഷ്യയിലെ ബർമ്മീസ് അഭയാർത്ഥിക്യാമ്പുകളിൽ നിന്നും ഗാസയിലെ പാലസ്തീനികളിൽ നിന്നും കഴിവുള്ള യുവാക്കളെ കഴിഞ്ഞമാസം, ഹാഫിസ് സയീദ് റിക്രൂട്ട് ചെയ്യുന്നുണ്ടായിരുന്നു. ഹഖാനി ശൃംഖല ഉൾപ്പെടുന്ന അഫ്ഗാൻ താലിബാൻ, തെഹരീക് -ഇ താലിബാൻ, അഹൽ സുന്നത്ത് വൽ ജമാ അത്ത് എന്നും അറിയപ്പെടുന്ന ലഷ്കർ- ഇ- ജാംഗ്വി, ജയ്ഷ് -ഇ-മുഹമ്മദ്, ഹർക്കത്തുൾ മുജാഹിദ്ദീൻ ലഷ്കർ -ഇ-തയ്ബ എന്നീ സംഘടനകൾ 2015 ഓഗസ്റ്റോടെ ISIയുടെ പൂർണനിയന്ത്രണത്തിലാകും. ഈ ലേഖനത്തിന്റെ മുഖ്യവിഷയം ഇതാണ്. ഒരു രാഷ്ട്രമെന്ന നിലയ്ക്ക് ഇവരിൽ നിന്നും ഇന്ത്യ ജിഹാദിസ്റ്റ് ഭീഷണി നേരിട്ടുകൊണ്ടിരിക്കുന്നു. ഇന്ത്യയുമായി ഒരു സാംസ്ക്കാരിക യുദ്ധത്തിൽ ഏർപ്പെട്ടിരിക്കുന്നതായാണ് പാകിസ്താൻ സ്വയം വിലയിരുത്തുന്നത്. ഫെയർ പറയുന്നു: ''പാകിസ്താൻ സൈന്യം പാകിസ്താന്റെ ഇസ്ലാമിക് ഐഡിയോളജിയുടെ സംരക്ഷകനായി സ്വയം വിലയിരുത്തുകയും ഇന്ത്യയുമായുള്ള സംഘർഷത്തെ കാണുകയും ചെയ്യുന്നു.'' ''എന്തുതന്നെയായാലും യുദ്ധം ചെയ്യാൻ പാകിസ്താൻ സൈന്യത്തിന്റെ ശക്തമായ സമ്മർദ്ദമുണ്ടാകും.''

ഒരർത്ഥത്തിൽ കാർട്ടർ പറഞ്ഞത് ശരിയാണ്. ഇന്ത്യയിൽ ലോകാവസാനയുദ്ധത്തിന് (Armageddon) ആരൊക്കെയോ പദ്ധതിയിടുന്നുണ്ട്. ഒരു സമൂഹമെന്ന നിലയ്ക്ക്, സ്വന്തം നാട്ടിലെ ജിഹാദിസ്റ്റുകളിൽ നിന്നാണ് ഇന്ത്യ യഥാർത്ഥ ഭീഷണി നേരിടുന്നത്. തീർച്ചയായും, ISIS ശരിക്കും ഭീഷണിതന്നെയാണെങ്കിലും അതിന്റെ പ്രഭവം പാകിസ്താനിൽ നിന്നല്ല എന്നു വേണം കരുതാൻ.

മതമൗലികവാദത്തിന്റെ പ്രശ്നമിതാണ്. അതിന് ഇന്ത്യൻ സമൂഹത്തിന്റെ പോരായ്മകളിൽനിന്ന് മുതലെടുക്കാൻ കഴിയും.

50 രൂപയ്ക്ക് വരുതിയിലാകുന്ന പോലീസുകാർ, അഴിമതികാണിക്കുകയും കലാപങ്ങൾ സൃഷ്ടിക്കുകയും ചെയ്യുന്ന രാഷ്ട്രീയക്കാർ, ധനികനുവേണ്ടി പ്രവർത്തിക്കുന്ന നീതിന്യായ വ്യവസ്ഥ, നിരത്തുകളിൽ തുപ്പുകയും പാവങ്ങളെ പുച്ഛത്തോടെ നോക്കുകയും ചെയ്യുന്ന ഇന്ത്യക്കാരൻ.....

ജനങ്ങളുടെ ഐക്യവും രാജ്യത്തെ നിയമവാഴ്ചയും നന്നായി മുന്നോട്ട് പോയാൽ മാത്രമേ മതമൗലികവാദത്തെ ചെറുക്കാൻ കഴിയൂ. ■

(അമേരിക്കയിലെ മിഡിൽ ഈസ്റ്റ് മീഡിയ റിസർച്ചിന്റെ സൗത്ത് ഏഷ്യൻ സ്റ്റഡീസ് ഡയറക്ടറാണ് ലേഖകൻ)